# പരിശുദ്ധ സ്മരണയിൽ മഞ്ഞനിക്കരയ്ക്ക് ഇനി പ്രാർഥനാ നാളുകൾ

മഞ്ഞനിക്കര: മഞ്ഞനിക്കരയിൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 78–ാമത് ഓർമപ്പെരുനാൾ ഇന്നു കൊടിയേറും. 13നു സമാപിക്കും. ഇന്ന് എട്ടിന് ദയറായിൽ യൂഹാനോൻ മാർ മിലിത്തിയോസ്, ഗീവർഗീസ് മാർ അത്തനാസിയോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന. മൂന്നു ദിവസത്തെ കൺവൻഷൻ ഒൻപതിന് 7.30ന് ഗീവർഗീസ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യും. ഗീവർഗീസ് മാർ അത്തനാസിയോസ് അധ്യക്ഷത വഹിക്കും.

പത്തിന് 7.30ന് സഖറിയാസ് മാർ പീലക്സിനോസിന്റെ സുവിശേഷ പ്രസംഗം. പ്രധാന തിരുനാൾ 12, 13 തീയതികളിലാണ്. 12ന് മൂന്നിന് വിവിധ മേഖലകളിൽ നിന്ന് എത്തുന്ന കാൽനട തീർഥാടകരെ ഓമല്ലൂർ കുരിശിൻതൊട്ടിയിൽ നിന്നു സ്വീകരിച്ച് ദയറായിലേക്ക് ആനയിക്കും. ആറിനു തീർഥയാത്രാ സമാപന സമ്മേളനം മന്ത്രി പി. ജെ. ജോസഫ് ഉദ്ഘാടനം ചെയ്യും. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ അധ്യക്ഷത വഹിക്കും. പാത്രിയർക്കാ പ്രതിനിധി യൂഹാന്നാ മാർ ഗ്രീഗോറിയോസ് ഇബ്രാഹിം അനുഗ്രഹപ്രഭാഷണം നടത്തും.മാർ സ്തേഫാനോസ് പള്ളിയിൽ 13ന് പുലർച്ചെ മൂന്നിന് യൂഹാനോൻ മാർ മിലിത്തിയോസിന്റെ കാർമികത്വത്തിൽ കുർബാന. 5.30ന് ദയറാ കത്തീഡ്രലിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ കാർമികത്വത്തിലും പൗലോസ് മാർ ഐറേനിയസ്, യാക്കോബ് മാർ അന്തോനിയോസ് എന്നിവരുടെ സഹകാർമികത്വത്തിലും മൂന്നിന്മേൽ കുർബാന. 8.30ന് പാത്രിയർക്കാ പ്രതിനിധി യൂഹാന്നാ മാർ ഗ്രിഗോറിയോസ് ഇബ്രാഹിം കുർബാന അർപ്പിക്കും. 10.30ന് പ്രദക്ഷിണവും ആശീർവാദവും നടക്കും.